# അഖില ലോക

## സൺഡേസ്കൂൾ ദിനം

# 2016 നവംബർ 6 ഞായർ

ചിന്താവിഷയം:

## "ദൈവചട്ടങ്ങളിൽ രസിക്കുക"

**കുറിവാക്യം:**

"ഞാൻ നിന്റെ ചട്ടങ്ങളിൽ രസിക്കും;
നിന്റെ വചനത്തെ മറക്കയുമില്ല"
(സങ്കീ.119:16)

## സീഫി മലയാളം പ്രസിദ്ധീകരണങ്ങൾ

**1. സണ്ടേസ്കൂൾ പാഠപുസ്തകങ്ങൾ**

എല്ലാ ഗ്രേഡുകളിലേക്കും മൂന്ന് വർഷം വീതമുള്ള പുസ്തകങ്ങൾ ലഭ്യമാണ്. പുതിയ പാഠ്യപദ്ധതി "Splash" അനുസരിച്ചു ഒന്നാം വർഷത്തെ പുസ്തകങ്ങൾ 2016 ഡിസംബർ മാസത്തോടെ ലഭിക്കുന്നതാണ്. കുട്ടികളുടെ വർക്ക്ബുക്കും ലഭ്യമാണ്.

- അദ്ധ്യാപകസഹായി - 60 രൂപാ വീതം
- കുട്ടികളുടെ വർക്കു ബുക്ക് - 30 രൂപാ വീതം

**2. അദ്ധ്യാപകപരിശീലനസഹായി**

സണ്ടേസ്കൂൾ ചുമതല വഹിക്കുന്നവർക്ക് പ്രയോജനകരമായ പരിശീലന പുസ്തകം വില 25/- രൂപ

**3. അദ്ധ്യാപകമിത്രം**

അദ്ധ്യാപകർക്ക് വേണ്ട നിർദ്ദേശം നൽകുന്ന ഒരു പുസ്തകം വില 20/- രൂപാ

**4. നിങ്ങൾ വിശ്വസിക്കുന്നത് അറിയുക**

മുതിർന്ന കുട്ടികൾക്കും യുവജനങ്ങൾക്കും വിശ്വാസസത്യങ്ങൾ പഠിക്കുവാൻ സഹായകരമായ പുസ്തകം. വില 35/- രൂപ

**5. ഹാജർ ഷീറ്റ്**

കുട്ടികളുടെ ഹാജർ രേഖപ്പെടുത്തുന്നതിന് ആവശ്യമായ ഒന്നാണ്. വില 5/- രൂപ

**6. സീഫി Picture set**

വേദപുസ്തകത്തിലെ 50 കഥകളുടെ ചിത്രങ്ങൾ അടങ്ങിയ പാക്കറ്റ് - വേദകഥകൾ കുട്ടികളെ പഠിപ്പിക്കുവാൻ ഈ ചിത്രങ്ങൾ സഹായകരമാണ്. വില 125/- രൂപ

**7. ക്രിസ്തീയ കുടുംബം**

കുടുംബജീവിതത്തിന് സഹായകരമായ പഠനപുസ്തകം. വില 35/- രൂപ

**8. സണ്ടേസ്കൂൾ സർവീസ് രജിസ്റ്റർ വില 7/- രൂപ**

സണ്ടേസ്കൂൾ അദ്ധ്യാപക ലിസ്റ്റ്, ഓരോ ഞായറാഴ്ചത്തെയും വിവരങ്ങൾ തുടങ്ങിയവ എഴുതുവാൻ സഹായകരമാണ് ഈ രജിസ്റ്റർ.

**Rt. Rev. Thomas K. Oommen**
*Bishop C.S.I. Madhya Kerala Diocese*
*CSI Bishop's House, Kottayam-686001*

## ആശംസകൾ



**ക്രിസ്തുയേശുവിന്റെ നിസ്തുല നാമത്തിൽ എവർക്കും സ്നേഹവന്ദനം !**

2016 നവംബർ മാസം 6-ാം തീയതി ഞായർ അഖിലലോക സൺഡേസ്കൂൾ ദിനമായി നാം ആചരിക്കുകയാണല്ലോ? അടുത്ത തലമുറയെ ക്രിസ്തീയ മൂല്യങ്ങളിലും, ക്രിസ്തുകേന്ദ്രീകൃത ജീവിതശൈലിയിലും വിശ്വാസത്തിലും നിലനിർത്തുക എന്നത് സഭയുടെ ദൗത്യമാണ്. അത്തരം പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്ന പ്രവർത്തനമാണ് 'അഖിലലോക സൺഡേസ്കൂൾ ദിനാചരണം'. 1780-ൽ ഒരു എളിയ സംരംഭം എന്ന നിലയിൽ ആരംഭിച്ച സൺഡേസ്കൂൾ പ്രവർത്തനം ഇന്നു ലോകമെമ്പാടും വ്യാപിച്ചതും, കുഞ്ഞുങ്ങളുടെ ഇടയിൽ ഗൗരവമായ ശുശ്രൂഷ നിർവ്വഹിക്കുന്നതും പ്രത്യേകം പ്രസ്താവ്യമത്രേ. ഇത് അഭംഗുരം തുടരുവാനുള്ള നിയോഗത്തിൽ നമുക്കേവർക്കും പങ്കാളികളാകാം.

ഈ വർഷത്തെ ചിന്താവിഷയമായി സീഫി തെരഞ്ഞെടുക്കുന്നത് 'ദൈവചട്ടങ്ങളിൽ രസിക്കുക' (സങ്കീ.119:6) എന്നതാണല്ലോ. താൽക്കാലിക സാംസ്കാരിക ലോകമാണ് നമ്മുടേത്. താൽക്കാലികതയുടെ സംസ്കാരം (Culture of temporality) പ്രബലപ്പെടുമ്പോൾ നമ്മുടെ സന്തോഷങ്ങളും, ആശയങ്ങളും, ലക്ഷ്യങ്ങളുമെല്ലാം താൽക്കാലികമായി മാറുന്നു. ആത്യന്തികമായ ദൈവസാന്നിദ്ധ്യവും, ദൈവിക പ്രമാണങ്ങളുമാണ് നിലനിൽക്കുന്ന സന്തോഷവും, ആലോചനയും നമുക്ക് നൽകുന്നത്. ദൈവീക ചട്ടങ്ങളിൽ രസിക്കുക എന്നതിലൂടെ, ദൈവിക പ്രമാണങ്ങളിൽ ചരിക്കുക എന്നതാണ് സങ്കീർത്തനക്കാരൻ അർത്ഥമാക്കുന്നത്. ദൈവഭാഗത്ത് നമ്മുടെ അടുത്ത തലമുറ സഞ്ചരിക്കണമെങ്കിൽ ദൈവീകപ്രമാണങ്ങളിൽ ചരിക്കുവാൻ അവരെ പരിശീലിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

1970 മുതൽ സൺഡേസ്കൂൾ കുട്ടികളുടെ ഇടയിൽ പാഠപുസ്തകവിതരണം, പരിശീലനപരിപാടികൾ എന്നിങ്ങനെ വിവിധപരിപാടികളിലൂടെ സഭയുമായി ചേർന്നു പ്രവർത്തിക്കുന്ന സീഫിയുടെ പ്രവർത്തനങ്ങൾ വളരെ മാതൃകാപരമാണ്. ഇത് കൂടുതൽ മെച്ചമായും അർത്ഥവത്തായും നിർവ്വഹിക്കുവാൻ ദൈവം കൂടുതൽ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. സീഫിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ കൈത്താങ്ങലുകൾ നൽകുവാനും, തലമുറകളെ ദൈവമുള്ളവരായി നിലനിർത്തുവാനുമുള്ള എല്ലാ പരിശ്രമങ്ങളിലും എവരും പങ്കാളികൾ ആകുന്നതിനും അഭ്യർത്ഥിക്കുന്നു.

അഖില ലോക സണ്ടേസ്കൂൾ ദിനത്തിന് എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട്.

സസ്നേഹം,

കോട്ടയം
27-09-2016

**റൈറ്റ് റവ. തോമസ് കെ. ഉമ്മൻ**
**സി എസ് ഐ ഡെപ്യൂട്ടി മോഡറേറ്റർ & ബിഷപ്പ്**
**മദ്ധ്യകേരള മഹായിടവക്**

**Rt. Rev. Thomas Abraham**
*Bishop, St.Thomas Evangelical Church of India*
*Thiruvalla- 5*

## ആശംസകൾ

**കർത്താവിൽ പ്രിയരെ,**

**ക്രിസ്തുയേശുവിന്റെ നിസ്തുല്യനാമത്തിൽ എവർക്കും സ്നേഹവന്ദനം**



2016 നവംബർ 6-ാം തീയതി അഖില ലോക സണ്ടേസ്കൂൾ ദിനമായി ആചരിക്കുകയാണല്ലോ. 1780-ൽ റോബർട്ട് റെയ്ക്സ് എന്ന ക്രിസ്തു ഭക്തൻ ഇംഗ്ലണ്ടിലെ ഫാക്ടറികളിൽ ജോലി ചെയ്യുന്ന കുട്ടികൾക്കു വേണ്ടി ആരംഭിച്ച സണ്ടേസ്കൂൾ പ്രവർത്തനം ലോകമെമ്പാടും വലിയ സ്വാധീനം ചെലുത്തുന്ന ഒരു പ്രസ്ഥാനമായി വളർന്നു വരുവാൻ ദൈവം ഇടയാക്കി. കുട്ടികളിൽ ശുചിത്വബോധവും, പൗരബോധവും, ധാർമ്മിക ചിന്തയും, ദൈവവചനജ്ഞാനവും വളർത്തിയെടുക്കാൻ ഈ പ്രവർത്തനം മൂലം ഇടയാക്കി.

ലോകരക്ഷകനായ കർത്താവായ യേശുക്രിസ്തുവിനോടുള്ള ബന്ധത്തിലേക്ക് കുട്ടികളെ നയിക്കയും ആ മാർഗ്ഗത്തിൽ വളർത്തിയെടുക്കുകയും ചെയ്യേണ്ടത് മാതാപിതാക്കളുടെയും, സഭകളുടെയും സണ്ടേസ്കൂളുകളുടെയും ചുമതലയാണല്ലോ. ഈ രംഗത്ത് സീഫി ചെയ്യുന്ന സേവനങ്ങൾ ശ്ലാഘനീയമാണ്.

അഖിലലോക സണ്ടേസ്കൂൾ ദിനത്തിന്റെ ഈ വർഷത്തെ ചിന്താവിഷയം "ദൈവ ചട്ടങ്ങളിൽ രസിക്കുക" (സങ്കീ 119:16) എന്നുള്ളതാണല്ലോ. നിന്റെ ന്യായപ്രമാണം എനിക്ക് എത്രയോ പ്രിയം എന്നു പറയുവാൻ കഴിയുന്ന ഒരു തലമുറയെ വാർത്തെടുക്കേണ്ട ഉത്തരവാദിത്വം നമുക്കെല്ലാമുണ്ട്. സോഷ്യൽ മീഡിയായുടെയും മറ്റും ദൂഷ്യവശങ്ങൾ കുട്ടികളെ വളരെ ദോഷകരമായി സ്വാധീനിക്കുന്ന ഈ കാലത്ത് ജീവിതത്തെ പ്രകാശപൂരിതമാക്കുന്ന ദൈവവചനം നമ്മുടെ കുട്ടികൾക്ക് അനുഗ്രഹകരമായ നിലയിൽ ഉപദേശിച്ചു കൊടുക്കുന്ന ഇടങ്ങളാണ് നമ്മുടെ സണ്ടേസ്കൂളുകൾ.

ദൈവവചനത്തിന്റെ ശ്രേഷ്ഠതയെപ്പറ്റി കുട്ടികളെ ബോധവാന്മാരാക്കുമ്പോഴാണ് അവർ അതിൽ അടിയുറച്ചു നിൽക്കുന്നത്. ഈ വിശുദ്ധവചനം ദൈവശ്വാസീയമാണെന്നും (2 തിമൊ 3:16), നിഷ്ഫലമാകാത്തതാണെന്നും (2 രാജാ 10:10), എന്നേക്കും നിലനിൽക്കുന്നതാണെന്നും (മത്താ 5:18) ജീവനും ചൈതന്യവുമുള്ളതാണെന്നും (എബ്രായർ 4:12) സണ്ടേസ്കൂൾ അദ്ധ്യാപകരിൽ നിന്നും പാഠ്യപദ്ധതിയിൽ നിന്നും കുട്ടികൾ മനസ്സിലാക്കാൻ ഇടയാകണം. സീഫിയുടെ പാഠ്യപദ്ധതി അതിനു മുഖാന്തിരമാകട്ടെ.

അഖിലലോക സണ്ടേസ്കൂൾ ദിനത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

കർത്തൃശുശ്രൂഷയിൽ സ്നേഹപൂർവ്വം

റൈറ്റ്.റവ.ഡോ. തോമസ് എബ്രഹാം
ബിഷപ്പ്, സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ



### സൺഡേസ്കൂൾ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

# അഖിലലോക സണ്ടേസ്കൂൾ ദിനം

2016 നവംബർ ഒന്നാം ഞായർ (6-ാം തീയതി) അഖില ലോക സണ്ടേസ്കൂൾ ദിനമായി നാം മുൻകാലങ്ങളിലെപ്പോലെ ആചരിക്കുകയാണ്. റാലികൾ, പ്രത്യേക സമ്മേളനങ്ങൾ തുടങ്ങിയ പരിപാടികൾ പതിവുപോലെ നടത്തി കുട്ടികൾക്ക് പ്രോത്സാഹനം നൽകണം.

അഖിലേന്ത്യ സീഫി (CEEFI) ഭാരതത്തിൽ ക്രിസ്തീയ വിദ്യാഭ്യാസം, സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകിവരുന്ന ഒരു സംഘടനയാണ്. വിവിധ സഭകളുടെ സഹായസഹകരണത്തോടെ സുവിശേഷവേല നിർവ്വഹിക്കുന്ന ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യയുടെ ക്രിസ്തീയ വിദ്യാഭ്യാസ വിഭാഗമാണ് സീഫി. 26 ഭാഷകളിൽ ക്രിസ്തീയ വിദ്യാഭ്യാസത്തിനുള്ള പുസ്തകങ്ങളും ഇതര പ്രസിദ്ധീകരണങ്ങളും അച്ചടിച്ചു വിതരണം ചെയ്യുന്നു. കേരളത്തിൽ "ക്രിസ്തീയ കുടുംബം" "നിങ്ങൾ വിശ്വസിക്കുന്നത് അറിയുക" "സണ്ടേസ്കൂൾ അദ്ധ്യാപക മിത്രം" "സണ്ടേസ്കൂൾ അദ്ധ്യാപക പരിശീലന സഹായി" തുടങ്ങിയ പുസ്തകങ്ങൾ മലയാളത്തിലും അച്ചടിച്ചു വിതരണം ചെയ്യുന്നു.

* മുതിർന്നവർക്കും യുവതിയുവാക്കൾക്കും ദൈവവചനം പഠിക്കുന്നതിന് ആവശ്യമായ പ്രസിദ്ധീകരണങ്ങളും ലഭ്യമാണ്. അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും പ്രത്യേകയോഗങ്ങളും, പഠന ക്ലാസുകളും ആവശ്യാനുസരണം ക്രമീകരിച്ചു നടത്തുന്നു.

** സണ്ടേസ്കൂളുകളിൽ ഓരോ വകുപ്പിലും മൂന്നുവർഷം വീതം അഞ്ച് വകുപ്പുകളിലായി പതിനഞ്ചു വർഷം കൊണ്ടു പൂർത്തീകരിക്കുന്ന ഒരു പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. പുതിയ കരിക്കുലം അനുസരിച്ച്; 2017 ലേക്ക് (ഒന്നാം വർഷ പാഠപുസ്തകങ്ങൾ) അച്ചടിച്ച് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. എല്ലാവരുടെയും സഹായസഹകരണങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

* കേരളത്തിൽ വിവിധ സഭാവിഭാഗങ്ങളിൽ കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്നവരും ഡയോസിസ്സുകളിൽ ചുമതലയുള്ള സെക്രട്ടറിമാരും അടങ്ങിയ ഒരു കമ്മിറ്റിയുടെ ചുമതലയിലാണ് കേരള സീഫിയുടെ പ്രവർത്തനങ്ങൾ നടത്തുന്നത്. ഈ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി സണ്ടേസ്കൂളുകളും സ്നേഹിതരും സഭകളും സംഭാവനകൾ നൽകി സംഘടനയെ സഹായിക്കുവാൻ അഭ്യർത്ഥിക്കുന്നു. തുടർന്നും എല്ലാവരുടെയും സഹായവും പ്രാർത്ഥനയും നൽകി തരുമല്ലോ.

കേരള സീഫി കമ്മറ്റിക്കുവേണ്ടി

**കെ. എം. ജോൺ**
പ്രമോഷണൽ സെക്രട്ടറി

**കെ.സി. ചെറിയാൻ**
പബ്ലിക്കേഷൻ സെക്രട്ടറി

## സണ്ടേസ്കൂൾ പ്രസ്ഥാനം – ചില ചരിത്ര വസ്തുതകൾ

* ഇംഗ്ലണ്ടിൽ 16–ാം നൂറ്റാണ്ടിൽ ആരംഭിച്ച നവീകരണ ആശയങ്ങൾ, സഭയിൽ ആഴമായ മാറ്റം ഉണ്ടാക്കി. ഇതിന്റെ തുടർച്ചയായി 18–ാം നൂറ്റാണ്ടിൽ സാമൂഹ്യവും ക്രിസ്തീയ ദർശനവും ഉള്ള ചില വ്യക്തികൾ സാധുക്കളായ കുട്ടികൾക്ക് വേദപുസ്തകാടിസ്ഥാനത്തിൽ ധാർമ്മികമായ അഭ്യസനം നൽകുവാൻ ശ്രമിച്ചു. ഇതോടൊപ്പം 1780 ൽ റോബർട്ട് റെയ്ക്സ് ഫാക്ടറികളിൽ ജോലി ചെയ്യുന്ന കുട്ടികളെ കേന്ദ്രീകരിച്ച് വേദപഠന ക്ലാസുകൾ ക്രമീകരിച്ചു.

* കുഞ്ഞുങ്ങളെ വായിക്കുവാനും എഴുതുവാനും പഠിപ്പിച്ചതിനോടൊപ്പം ബൈബിൾ പഠനവും, വേദഭാഗം, മനഃപാഠമാക്കുവാനും കുട്ടികളെ പ്രേരിപ്പിച്ചു. 1795 നോട് കൂടി ഇംഗ്ലണ്ടിൽ സണ്ടേസ്കൂൾ പ്രവർത്തനം വ്യാപകമായി. 1803 ൽ ലണ്ടൻ സണ്ടേസ്കൂൾ യൂണിയൻ ആരംഭിച്ചു. ബൈബിൾ പഠനത്തിനുള്ള പാഠങ്ങൾ, ചോദ്യോത്തരമാല എന്നിവ ക്രമീകൃതമായി പ്രസിദ്ധീകരിക്കുവാനും തുടങ്ങി; ഐർലണ്ടിലും സ്കോട്ട്ലണ്ടിലും ഇതുപോലെ സണ്ടേസ്കൂൾ യൂണിയൻ ഏതാനും വർഷങ്ങൾക്കുള്ളിൽ ആരംഭിച്ചു.

* 1832ൽ അമേരിക്കയിൽ സണ്ടേസ്കൂൾ പ്രസ്ഥാനം വ്യാപകമായി തീർന്നപ്പോൾ സണ്ടേസ്കൂൾ പ്രവർത്തകരുടെ വിപുലമായ ഒരു സമ്മേളനം നടത്തി. 1872 ൽ ബ്രിട്ടീഷ് സണ്ടേസ്കൂൾ യൂണിയനുമായി സഹകരിച്ച്, അമേരിക്കയിലും ഒരേ രീതിയിലുള്ള പഠന സാമഗ്രികൾ പ്രസിദ്ധീകരിച്ചു. അപ്രകാരം സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് ഒരു ഇന്റർ നാഷണൽ (ലോകവ്യാപക) രൂപംകൊടുക്കുവാൻ സാധിച്ചു.

* 1880–ൽ ലണ്ടനിൽ ഒരു അഖിലലോക സണ്ടേസ്കൂൾ സമ്മേളനം നടത്തി. 1907 ൽ അഖില ലോക സണ്ടേസ്കൂൾ അസോസിയേഷൻ രൂപീകൃതമായി. 1947 ൽ ക്രിസ്തീയ വിദ്യാഭ്യാസത്തിനായുള്ള ഒരു വേൾഡ് (അഖില ലോക) കൗൺസിൽ രൂപവൽകൃതമായി. വേൾഡ് സണ്ടേസ്കൂൾ അസോസിയേഷന്റെ ആഹ്വാന പ്രകാരം അമേരിക്കയിലെ സഭകളിലും നവംബർ ആദ്യ ഞായറാഴ്ച "അഖില ലോക സണ്ടേസ്കൂൾ ദിനം" വ്യാപകമായി ആചരിക്കുവാൻ തുടങ്ങി.

* കേരളത്തിൽ ആംഗ്ലിക്കൻ മിഷനറി റവ.തോമസ് നോർട്ടൻ 1816ൽ ആലപ്പുഴ കേന്ദ്രമാക്കി മിഷനറി പ്രവർത്തനം ആരംഭിച്ചു. ഇതിനെ തുടർന്ന്, മിസ്സസ്സ് നോർട്ടൻ കുട്ടികൾക്കായി വേദപഠന ക്ലാസ്സുകൾ നടത്തുവാനും തുടങ്ങി. സണ്ടേസ്കൂളിന്റെ ഒരു മുന്നോടി പ്രവർത്തനമായി ഇതിനെ കാണാം. കേരളത്തിൽ ഇതര മിഷനറി കേന്ദ്രങ്ങളിലും ഇപ്രകാരമുള്ള വേദപഠന ക്ലാസുകൾ ആരംഭിക്കുവാൻ മിഷനറിമാർ നേതൃത്വം കൊടുത്തു.

* 1839 ന് ശേഷം ഹെർമൻ ഗുണ്ടർട്ട് എന്ന ബാസൽ മിഷൻ മിഷ



നറി, തലശ്ശേരിക്കടുത്ത് നെട്ടൂർ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ചപ്പോഴും കുട്ടികൾക്കായി ഞായറാഴ്ച ഉച്ചകഴിഞ്ഞ് "സൂര്യവാരശാല" എന്ന പേരിൽ വേദോപദേശ ക്ലാസുകൾ ക്രമീകരിച്ചിരുന്നു. 1843 ൽ മംഗലാപുരത്ത് വന്നെത്തിയ സാമുവേൽ ഹെബിക്ക് എന്ന ബാസൽ മിഷൻ മിഷനറി മലബാർ മേഖലയിലെ കണ്ണൂർ കേന്ദ്രമാക്കി മിഷനറി പ്രവർത്തനം തുടങ്ങി. അദ്ദേഹവും "ബാലോപദേശക്ലാസ്" എന്ന പേരിൽ കുട്ടികൾക്കായി വേദപഠന ക്ലാസുകൾ നടത്തിയിരുന്നു. ഇതെല്ലാം ക്രമീകൃതമായ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ മുന്നോടി പ്രവർത്തനങ്ങൾ ആയിരുന്നു.

* ഇന്ത്യാ സണ്ടേസ്കൂൾ യൂണിയന്റെ (I.S.S.U) പ്രവർത്തനം 1876 ൽ അലഹബാദ് കേന്ദ്രമാക്കി ആരംഭിച്ചു. കുറെ വർഷങ്ങൾക്ക് ശേഷം ഇന്ത്യാ സണ്ടേസ്കൂൾ യൂണിയന്റെ കേന്ദ്രം നീലഗിരിയിലെ കുന്നൂരിലേക്കു മാറ്റുകയുണ്ടായി.

* 1880ൽ ആർച്ച് ഡീക്കൻ ഉമ്മൻ മാമ്മനച്ചൻ മല്ലപ്പള്ളി സി.എം.എസ് പള്ളിയിൽ ക്രമീകൃതമായ സണ്ടേസ്കൂളിന് ആരംഭം കുറിച്ചു. കേരളത്തിലെ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ തുടക്കമായിരുന്നു ഇത്.

* 1980 ൽ അഖില ലോക സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ദ്വിശതാബ്ദി വർഷമായിരുന്നു. കേരളത്തിലെ സഭകളും ഇത് ആചരിച്ചു.

* 1965 വരെ ഇന്ത്യാ സണ്ടേസ്കൂൾ യൂണിയൻ പാഠ്യപദ്ധതി കേരളത്തിലെ വിവിധ സഭകൾ ഉപയോഗിച്ചു വന്നു.

* 1962 ൽ CEEFI (സീഫി) രൂപവൽക്കരിക്കപ്പെട്ടു. ("Christian Education" of Evangelical Fellowship of India). ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ എന്ന ആത്മീക സംഘടനയുടെ ക്രിസ്തീയ വിദ്യാഭ്യാസ വിഭാഗമാണ് സീഫി. ഇൻഡ്യയിൽ 26 – ഓളം ഭാഷകളിൽ സീഫി പാഠ്യപദ്ധതി പ്രസിദ്ധീകരിക്കുന്നുണ്ട്.

* 1965–ന് ശേഷം സീഫി (CEEFI ) പദ്ധതി കേരളത്തിലെ വിവിധ സഭാവിഭാഗങ്ങളിൽ ഉപയോഗിക്കാൻ തുടങ്ങി. ഇന്ത്യയിൽ 26 ഭാഷകളിൽ CEEFI യുടെ ആദ്യപാഠ്യ പുസ്തകം ഉപയോഗത്തിലിരുന്നു. CEEFI യുടെ അഖിലേന്ത്യാ ആസ്ഥാനം ഹൈദ്രബാദിലാണ്. അവിടെ നിന്നുമുള്ള ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ കേരളത്തിലെ സഭകളുടെ ആവശ്യാനുസരണം ഉപയോഗിക്കുന്നു.

2010 മുതൽ പരിഷ്കരിച്ച CEEFI പാഠ്യപദ്ധതി കേരളത്തിലെ വിവിധ സഭാ വിഭാഗങ്ങൾ ഉപയോഗിച്ചു വരുന്നു 5 ഗ്രേഡുകളിലായി 15 വർഷത്തേക്കുള്ള ഈ പാഠ്യപദ്ധതി "Splash " എന്ന പേരിൽ അറിയപ്പെടുന്നു.

CEEFI Office
Thiruvalla
Mob: 9446382079

കെ.സി ചെറിയാൻ
പബ്ലിക്കേഷൻ സെക്രട്ടറി

# ആരാധന

**പാട്ട് (ഏതെങ്കിലും അനുയോജ്യമായത്)**

* **പ്രാരംഭ പ്രസ്താവന:** റോബർട്ട് റെയ്ക്സ് എന്ന പത്രാധിപർ ഇംഗ്ലണ്ടിൽ 236 വർഷം മുൻപ്, അതായത് 1780 ൽ ആരംഭിച്ച വേലയാണ് സൺഡേസ്കൂൾ പ്രസ്ഥാനം. ഫാക്ടറി ജോലിയിൽ ഏർപ്പെട്ടിരുന്ന കുട്ടികൾ ഞായറാഴ്ച വിനോദത്തിലും അധാർമ്മിക പ്രവർത്തനങ്ങളിലും സമയം ചെലവാക്കി. പൊതുസ്ഥലത്ത് പ്രസംഗിച്ച റെയ്ക്സിനെ പരിഹസിക്കുകയും ചെളിവെള്ളം തെറിപ്പിച്ച് അപമാനിക്കുകയും ചെയ്തു. "കിം" എന്ന സ്ത്രീയുടെ സഹായത്താൽ അവരുടെ വീട്ടിൽ ഈ കുട്ടികളെ വിളിച്ചുവരുത്തി ശുചിത്വവും, പൗരബോധവും, എഴുത്തും, വായനയും പഠിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. ദൈവവചനവും അവർക്കു നൽകി. കുട്ടികൾക്ക് സമ്മാനങ്ങളും, പ്രാരംഭത്തിൽ അദ്ധ്യാപകർക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകിയിരുന്നു. 1808 ൽ അഖിലലോക തലത്തിൽ ഈ പ്രസ്ഥാനം വളർന്നു. 1876 മുതൽ ഇൻഡ്യയിൽ അലഹബാദിലും പിന്നീട് കുന്നൂരും കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 1880 ൽ കേരളത്തിൽ മല്ലപ്പള്ളി ആംഗ്ലിക്കൻ സഭയിൽ ആർച്ച് ഡീക്കൻ ഉമ്മൻ മാമ്മൻ അച്ചന്റെ നേതൃത്വത്തിൽ സണ്ടേസ്കൂൾ ക്രമീകൃതമായി ആരംഭിച്ചു. ഇന്ന് കേരളത്തിൽ 3 ലക്ഷത്തിൽ അധികം കുഞ്ഞുങ്ങൾ സണ്ടേസ്കൂളുകളിൽ പഠിച്ചുവരുന്നു.

* ഇന്ന് എല്ലാ സഭകളിലും സണ്ടേസ്കൂൾ പ്രവർത്തനം നടന്നുവരുന്നുണ്ട്. സീഫി (CEEFI) ഈ രംഗത്തു സജീവമായി പ്രവർത്തിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്യാപകർക്കും മറ്റു സംഘടനാ പ്രവർത്തകർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ നാം താല്പര്യപ്പെടണം.

**ഈ വർഷത്തെ ചിന്താവിഷയം**

**'ദൈവചട്ടങ്ങളിൽ രസിക്കുക'** (സങ്കീ.119:16)

എന്നതാണ്.



## നമുക്ക് ദൈവത്തെ ആരാധിക്കാം

**(വേദവാക്യങ്ങൾ)**

- യേശുവോ കുഞ്ഞുങ്ങളെ അരികത്ത് വിളിച്ചു; "പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതാകുന്നു" എന്നു പറഞ്ഞു (ലൂക്കോസ് 18:16)
- മകനേ എന്റെ ഉപദേശം മറക്കരുത്; നിന്റെ ഹൃദയം എന്റെ കല്പനകളെ കാത്തു കൊള്ളട്ടെ (സദൃ 3:1)
- ജ്ഞാനം സമ്പാദിക്ക; വിവേകം നേടുക; മറക്കരുത്; എന്റെ വചനങ്ങളെ വിട്ടുമാറുകയുമരുത് (സദൃശ 4: 5,6)
- ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ (സങ്കീ 119:9)
- മകനെ എന്റെ വചനങ്ങളെ പ്രമാണിച്ച്, എന്റെ കല്പനകളെ നിന്റെ ഉള്ളിൽ സംഗ്രഹിച്ചുകൊള്ളുക (സദൃശ. 7:1)
- നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു (സങ്കീ 119:105)

## പ്രാർത്ഥന

കാരുണ്യവാനായ ഞങ്ങളുടെ കർത്താവെ ലോകവ്യാപകമായി വസിക്കുന്ന ബാലികാബാലന്മാരോടൊപ്പം ഞങ്ങൾക്കും അഖില ലോക സണ്ടേസ്കൂൾ ദിനമായി ഇന്ന് ആചരിക്കുവാൻ തന്ന വിലയേറിയ അവസരത്തിനായി സ്തുതിക്കുന്നു. ഇന്ന് പ്രത്യേകമായി "ദൈവചട്ടങ്ങളിൽ രസിക്കുക" എന്ന ചിന്താവിഷയമാണല്ലോ ഞങ്ങൾ പഠിക്കുന്നത്. തിരുവചനത്തിൽ കൂടെ നിന്റെ മക്കളായ ഞങ്ങളെ സത്യത്തിൽ നടത്തുവാൻ പ്രാപ്തരാക്കി തീർക്കണമെന്ന് പ്രാർത്ഥിക്കുന്നു. ക്രിസ്തുയേശുവിൽ ദൈവത്തിന്റെ മഹത്വകരമായ വിളിക്ക് അനുയോജ്യരായി ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമെ. ഞങ്ങളുടെ മാതാപിതാക്കൾക്കായി ഞങ്ങൾ നന്ദി അർപ്പി

ക്കുന്നു. ഞങ്ങളുടെ സഭയെയും പട്ടക്കാരെയും ഉപദേശിമാരെയും അദ്ധ്യാപകരെയും എല്ലാം ഓർത്ത് പ്രാർത്ഥിക്കുന്നു. യേശുക്രിസ്തു മുഖാന്തിരം ലഭിച്ചിരിക്കുന്ന സമാധാനത്തിനും അനുഗ്രഹത്തിനുമായി സ്തോത്രം ചെയ്യുന്നു. ലോകമെങ്ങുമുള്ള കുഞ്ഞുങ്ങൾക്കായി ഞങ്ങൾ അപേക്ഷിക്കുന്നു. യേശുവിന്റെ നാമത്തിൽ തന്നെ ആമെൻ.

## കർത്താവിന്റെ പ്രാർത്ഥന

(എല്ലാവരും ഒന്നിച്ച്)

പാഠം 1 ലൂക്കോസ് 1:57-66

സങ്കീ. 119:9-16

(ഈ വേദഭാഗം കുട്ടികൾക്ക് ചൊല്ലിക്കൊടുക്കാം)

പാഠം 2 എഫേസ്യർ 6: 1-4

## മദ്ധ്യസ്ഥ പ്രാർത്ഥന

**ഓരോ വാചകത്തിനും പിന്നാലെ "കർത്താവെ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു" എന്നു പ്രതിവാക്യമായി പറയണം.**

**ശുശ്രൂഷകൻ:** സ്നേഹവാനായ സ്വർഗ്ഗസ്ഥ പിതാവേ! ഞങ്ങളുടെ ഭവനങ്ങൾക്കുവേണ്ടിയും, സ്നേഹമുള്ള മാതാപിതാക്കൾക്ക് വേണ്ടിയും.....

**ശുശ്രൂഷകൻ:** ഞങ്ങൾ വസിക്കുന്ന മനോഹരമായ ഞങ്ങളുടെ രാജ്യത്തിനുവേണ്ടിയും ഭരണാധികാരികൾക്കു വേണ്ടിയും...

**ശുശ്രൂഷകൻ:** ഞങ്ങളുടെ സഭയ്ക്കും, സൺഡേസ്കൂളിനു വേണ്ടിയും പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് വേണ്ടിയും....

**ശുശ്രൂഷകൻ:** ഞങ്ങളുടെ ഇടയിൽ ശുശ്രൂഷ നിർവ്വഹിക്കുന്ന സീഫി, വേദപുസ്തക സമൂഹം, ബാലശുശ്രൂഷാ സംഘം, ചൈൽഡ് ഇവാൻജലിസം ഫെല്ലോഷിപ്പ്, മറ്റു മിഷനറി സമൂഹങ്ങൾ എന്നിവയ്ക്കായും .....



**ശുശ്രൂഷകൻ:** പരിശുദ്ധാത്മനിയോഗത്താൽ എഴുതപ്പെട്ട സത്യവചനം ഞങ്ങൾക്ക് ദാനമായി തന്നതിനായി.......

താഴെ പറയുന്ന പ്രാർത്ഥനയ്ക്ക് പിന്നാലെ

"കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ"

എന്ന് പ്രതിവാക്യമായി പറയണം

ശുശ്രൂ: മഹാ വൈദ്യനായ കർത്താവേ! എല്ലാ ദുഃഖിതരേയും **കഷ്ടത അനുഭവിക്കുന്നവരേയും ആശ്വസിപ്പിക്കേണ**മെന്നു ഞങ്ങൾ അപേക്ഷിക്കുന്നു....

ശുശ്രൂ: വർഗ്ഗീയവിദ്വേഷികൾ, സാമൂഹ്യദ്രോഹികൾ മുതലായവരിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന പീഡനങ്ങളെ നേരിടുന്ന വിശ്വാസികൾക്കായും മിഷനറിമാർക്കായും അവരുടെ സമാധാനത്തിനായും ഞങ്ങൾ അപേക്ഷിക്കുന്നു...

ശുശ്രൂ: മറ്റുള്ളവരോട് ക്ഷമിക്കുവാനും ഞങ്ങളുടെ തെറ്റുകളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുവാനും ഞങ്ങളെ സഹായിക്കേണമേ എന്നു ഞങ്ങൾ അപേക്ഷിക്കുന്നു......

ശുശ്രൂ: ലോകമെങ്ങുമുള്ള സണ്ടേസ്കൂൾ കുട്ടികൾക്കായും, കുട്ടികളുടെ ഇടയിലുള്ള എല്ലാവിധ പ്രവർത്തനങ്ങൾക്കായും ഞങ്ങൾ അപേക്ഷിക്കുന്നു...

ശുശ്രൂ: ഞങ്ങളുടെ രാജ്യത്തിന്റെ പ്രസിഡന്റ്, പ്രധാനമന്ത്രി, മറ്റ് അധികാരത്തിലുള്ള എല്ലാ നേതാക്കൾക്കുമായി ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു...

ശുശ്രൂ: കേരളത്തിലെ സഭാമേലദ്ധ്യക്ഷന്മാർ, പട്ടക്കാർ, സഭാശുശ്രൂഷകർ എന്നിവർക്കായും പ്രത്യേകമായി ഞങ്ങളുടെ സഭയുടെ ചുമതല വഹിക്കുന്നവർക്കായും ഞങ്ങൾ അപേക്ഷിക്കുന്നു...

ശുശ്രൂ: ഞങ്ങളുടെ സണ്ടേസ്കൂളിനുവേണ്ടിയും ഞങ്ങളെ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകർക്കായും ഞങ്ങൾ അപേക്ഷിക്കുന്നു...

ശുശ്രൂ: മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് നശിച്ചുകൊണ്ടിരിക്കുന്ന യുവതലമുറയോട് കരുണ തോന്നേണമെ. അവർ നേരായ പാതയിൽ ദൈവത്തിൽ ആശ്രയിച്ച് ജീവിപ്പാൻ സഹായിക്കേണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു......

ശുശ്രൂ: ആധുനിക വിവര സാങ്കേതിക വിദ്യയുടെ മേഖലകളിൽ കുടുങ്ങി ജീവിതം താറുമാറാക്കുന്ന സഹോദരങ്ങൾ അവയെ വിട്ട് ജീവിതം ക്രമീകരിക്കുവാൻ ഇടയാകുന്നതിനു ഞങ്ങൾ അപേക്ഷിക്കുന്നു.....

ശുശ്രൂ: കർത്താവേ വിവിധ രാജ്യങ്ങളിൽ പീഢനങ്ങൾക്ക് ഇരയായ എല്ലാവർക്കും വേണ്ടി ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു......

**നമുക്ക് പ്രാർത്ഥിക്കാം**

വിശുദ്ധനും സ്നേഹവാനുമായ പിതാവേ! ഞങ്ങൾക്ക് സ്നേഹവും സൗമ്യതയും മനസ്സലിവുമുള്ള ഹൃദയം നൽകേണമേ. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ അവരെ സഹായിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളെ വിവേകമുള്ളവരും മറ്റുള്ളവർക്ക് സഹായികളുമാക്കി തീർക്കേണമേ. നന്മ ചെയ്തുകൊണ്ട് ജീവിച്ച യേശുവിനെ എപ്പോഴും അനുകരിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. നിർമ്മലമായി ജീവിപ്പാനും സത്യത്തിൽ എപ്പോഴും നടക്കാനും ഞങ്ങളെ സഹായിക്കേണമേ. യേശുവിന്റെ നാമത്തിൽ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

*ആമേൻ*

**അനുയോജ്യമായ ഏതെങ്കിലും പാട്ട് ഉപയോഗിക്കാം**

**(സ്തോത്രകാഴ്ച ഈ സമയത്ത് എടുക്കണം)**



**മിഷനറി കഥ**

# റവ.ബഞ്ചമിൻ ബെയ്‌ലി

*** കുടുംബപശ്ചാത്തലം**



മലയാളക്കരയിൽ എത്തിയ ആംഗ്ലിക്കൻ മിഷനറിമാരിൽ രണ്ടാമനായ റവ.ബഞ്ചമിൻ ബെയ്‌ലി 1791 ൽ ഇംഗ്ലണ്ടിലെ യോർക്ക് ഷെയറിൽ ഡ്യൂസ്ബറി എന്ന സ്ഥലത്ത് ജോസഫ് ബെയ്‌ലിയുടെയും മാർത്തയുടെയും ആദ്യസന്താനമായി ജനിച്ചു. നാല് സഹോദരന്മാരും ഒരു സഹോദരിയും ഉണ്ടായിരുന്നു. രണ്ടു സഹോദരന്മാർ മിഷനറിമാരായി തീർന്നു. ബെയ്‌ലി മിഷനറിയായി തീരുവാൻ ഇടയായത്, സഹോദരി സാറാ ആർച്ചറുടെ ആത്മീക താല്പര്യവും ദൈവീക വെളിപ്പാടും മൂലം ആയിരുന്നു. സഹോദരിയുടെ പാത തിരഞ്ഞെടുത്ത ബഞ്ചമിൻ ബെയ്‌ലി സി.എം.എസ്സ് സമൂഹത്തെ വിവരം അറിയിക്കുകയും, വൈദിക പഠനം നിർവ്വഹിക്കുകയും ചെയ്തു. 1815 ൽ ആംഗ്ലിക്കൻ വൈദികനായി. 1816 ൽ എലിസബത്ത് എല്ല എന്ന വനിതയെ വിവാഹം കഴിച്ചു.

*** മിഷനറി ദൗത്യവുമായി**

ബെയ്‌ലിയും കുടുംബവും, സഹോദരിയുടെ കുടുംബത്തോടൊപ്പം 1816 മെയിൽ ഇൻഡ്യയിലേക്ക് മിഷനറിമാരായി തിരിച്ചു. ദുഷ്കരമായ കപ്പൽ യാത്ര ചെയ്തു മദ്രാസിലും തുടർന്ന് ആലപ്പുഴയിലും എത്തി. നോർട്ടൻ കുടുംബത്തോടൊപ്പം താമസിച്ച് മലയാളഭാഷവശമാക്കി. 1817 മാർച്ചിൽ ബെയ്‌ലി കുടുംബം കോട്ടയത്ത് താമസമാക്കി, മിഷനറി പ്രവർത്തനം ആരംഭിച്ചു. മലങ്കര സഭാ പ്രതിനിധികൾ സന്തോഷത്തോടെ വരവേറ്റു. മതേതര വിദ്യാഭ്യാസം നടത്തിയിരുന്ന കോട്ടയം കോളജിന്റെ ചുമതല ഏതാനും നാളുകൾ വഹിച്ചു. ആംഗ്ലിക്കൻ സഭയുടെ കേന്ദ്രമായി കോട്ടയം അദ്ദേഹം തിരഞ്ഞെടുത്തു. ഒരു വർഷംകൊണ്ട് മലയാളഭാഷ നന്നായി പഠിച്ചതോടൊപ്പം, സംസ്കൃതവും പഠിച്ചു.

*** വേദപുസ്തക പരിഭാഷ**

കോളജിന്റെ ചുമതല റവ.ജോസഫ് ഫെന്നിനെ ഏല്പിച്ച് ബഞ്ചമിൻ ബെയ്‌ലി ബൈബിൾ പരിഭാഷയിലേക്ക് 1818 ൽ തന്റെ ശ്രദ്ധ തിരിച്ചു. സെറാമ്പൂരിൽ നിന്ന് മലയാള അക്ഷരങ്ങൾ കൊത്തിച്ച് വരുത്തി. ബെയ്‌ലി നടത്തിയ പുതിയ നിയമഭാഷാന്തരം, നോർട്ടനും മറ്റ് മിഷനറിമാരും കൂടിചേർന്ന് വായിച്ച് തെറ്റുകൾ തിരുത്തി. ഇംഗ്ലണ്ടിൽ നിന്നും

1828 ൽ ലഭിച്ച പ്രസ്സിൽ 1829 ൽ പുതിയ നിയമം അച്ചടിച്ചു. 1835 ൽ വേദ പുസ്തകം മുഴുവൻ മലയാളത്തിൽ അച്ചടിച്ചു. അക്കാലത്തെ ഹൈന്ദവ ഭാഷാപണ്ഡിതന്മാരെ കാണിച്ച്, ഭാഷാശുദ്ധിയും വരുത്തുന്നതിന് റവ. ബെയ്ലി ശ്രദ്ധിച്ചിരുന്നു. ലളിതമായ ഭാഷയും ശുദ്ധമായ ശൈലിയും എന്ന് ഹൈന്ദവ പണ്ഡിതന്മാർ ഈ തർജ്ജമയെക്കുറിച്ച് അഭിപ്രായപ്പെട്ടിരുന്നു.

*** ദൈവാലയ പണിയിലേക്ക്**

1839 നവംബർ 21 ന് ബെയ്ലി കോട്ടയം ആംഗ്ലിക്കൻ കത്തീഡ്രൽ **ദേവാലയത്തിന് അടിസ്ഥാനമിട്ടു. കാടും മരവും വെട്ടിമാറ്റി വാനം** തോണ്ടി, ഭീമമായ ഒരു കെട്ടിടത്തിന് അസ്തിവാരമിട്ടു. വലിയ ഒരു പള്ളി ആവശ്യമുണ്ടോയെന്ന് ചിലർ ചോദിച്ചപ്പോൾ, 'ഒരു കാലത്ത് ഈ വിശുദ്ധമന്ദിരത്തിൽ സ്ഥലം പോരാതെ വരും' എന്ന് ബെയ്ലി പറഞ്ഞു. എത്ര അർത്ഥവത്തായ പ്രവചനം. നല്ല ഒരു വാസ്തു ശില്പി ആയിരുന്ന ബെയ്ലിയുടെ പക്വതയോടുകൂടിയ മേൽ നോട്ടത്തിൽ ദൈവാലയപണി നടത്തി പൂർത്തീകരിച്ചു.

*** മലയാള – ഭാഷാ പോഷണം**

ബൈബിൾ മലയാളഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയത് കൂടാതെ, മലയാളം-ഇംഗ്ലീഷ് നിഘണ്ടുക്കൾ നിർമ്മിച്ച് ഭാഷയെ സമ്പുഷ്ടമാക്കി.

*** സുവിശേഷഘോഷണം**

ഭവനസന്ദർശനം മുഖേനയുള്ള സുവിശേഷ ഘോഷണത്തിൽ ബെയ്ലി അതീവ ശ്രദ്ധാലുവായിരുന്നു. ആവശ്യത്തിലിരിക്കുന്നവർക്ക് സഹായഹസ്തം നീട്ടുന്നതിലും വളരെയധികം ശ്രദ്ധിച്ചു. മേൽജാതിക്കാരുടെ അടിമകളായി കഴിഞ്ഞിരുന്ന സാധുക്കളെ വിമോചിപ്പിച്ച് സ്വാതന്ത്ര്യം നേടി കൊടുക്കുന്നതിനും ബഞ്ചമിൻ ബെയ്ലി ജോസഫ് പീറ്റ് എന്ന മിഷനറിയോടൊപ്പം മുന്നിട്ടു നിന്നു. കേരളത്തിൽ സാധുക്കളായിരുന്ന അടിമകളെ വിമോചിപ്പിക്കുവാൻ ബെയ്ലിയും സഹമിഷനറിമാരും നൽകിയ ധീര നേതൃത്വം ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

*** ഇതരസമുദായക്കാർ ആദരിച്ച മിഷനറി ശ്രേഷ്ഠൻ**

34 വർഷം കേരളത്തിൽ പ്രവർത്തിച്ചശേഷം, ഇവിടെ നിന്നും വിരമിച്ചപ്പോൾ, ക്രിസ്തീയ വിശ്വാസികളോടൊപ്പം, നമ്പൂതിരിമാർ ഉൾപ്പെടെയുള്ള ഹൈന്ദവ സ്നേഹിതർ വളരെ ആദരവോടെയാണ് അദ്ദേഹത്തിന്റെ സേവനത്തെ പ്രകീർത്തിച്ചത്.

*** ബെയ്ലിയുടെ സഹധർമ്മിണി**

ബെയ്ലിയുടെ എല്ലാപ്രവർത്തനങ്ങൾക്കും പിന്തുണ നൽകിയ ഒരു സ്ത്രീരത്നമായിരുന്നു അദ്ദേഹത്തിന്റെ സഹധർമ്മിണി. എലിസബത്ത് ധർമ്മനിഷ്ഠയുള്ള സ്ത്രീരത്നം, ബുദ്ധിമതിയായ സ്ത്രീ, ബെയ്ലിയുടെ



വലംകൈ എന്നീ പ്രശംസാ വാക്കുകൾക്ക് എലിസബത്ത് ഉടമയായിരുന്നു. കേരളത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് അവർ അടിസ്ഥാനമിട്ടു.

*** അവസാനകാലം**

1850 മാർച്ചിൽ ബെയ്ലിയും കുടുംബവും ഇംഗ്ലണ്ടിലേക്ക് തിരികെപ്പോയി. ഇംഗ്ലണ്ടിൽ എത്തി ചേർന്നശേഷം, ഷോർപ്പ്ഷെയർ എന്ന സ്ഥലത്തെ ഇടവകപട്ടക്കാരനായി കുറച്ചുനാൾ സേവനമനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ സേവനങ്ങളെ ആദരിച്ച്, ചർച്ച് മിഷനറി സൊസൈറ്റി അതിന്റെ 'ഓണററി ലൈഫ് ഗവർണർ' ആയി നിയമിച്ചു. 1871 ൽ 80-ാം മത്തെ വയസ്സിൽ ബഞ്ചമിൻ ബെയ്ലി അന്തരിച്ചു.

കഠിനാദ്ധ്വാനിയായ സുവിശേഷ പോരാളി, ബൈബിൾ പരിഭാഷകൻ എന്നീ നിലകളിൽ ശോഭിച്ച ബെഞ്ചമിൻ ബെയ്ലിയുടെ ജീവിത മാതൃക പിന്തുടരുവാൻ കുഞ്ഞുങ്ങളായ നമുക്ക് സാധിക്കുമോ? 'ദൈവീകചട്ടങ്ങളിൽ രസിക്കുക' എന്ന തിരുവചനം. നമ്മുടെ ആദർശമായിരിക്കുവാൻ ശ്രമിക്കാം.

(ആശയങ്ങൾക്ക് കടപ്പാട് - മദ്ധ്യകേരളമഹായിടവക ചരിത്രം)

*കെ.സി. ചെറിയാൻ*

## സൺഡേസ്കൂൾ ദിന സ്തോത്ര ശുശ്രൂഷ

ഈ വർഷത്തെ സൺഡേസ്കൂൾ ദിനത്തിൽ സഭാവ്യത്യാസം കൂടാതെ എല്ലാവർക്കും ഉപയോഗിക്കാവുന്ന ആരാധനക്രമവും കുട്ടികൾക്കുള്ള മിഷനറി കഥയും പതിവുപോലെ കേരള സീഫിയാണ് തയ്യാറാക്കിയത്. ഈ ശുശ്രൂഷാക്രമവും കഥയും എല്ലാ സൺഡേസ്കൂളുകളിലും ഉപയോഗിക്കുന്നതിന് താൽപര്യപ്പെടുന്നു.

# സമാപന പ്രാർത്ഥന

# ആശിർവ്വാദം

***N.B: പാഠങ്ങളും പ്രാർത്ഥനയും മറ്റും കുട്ടികളെക്കൊണ്ട് എടുപ്പിക്കുന്നത് ചേർച്ചയായിരിക്കും. കുട്ടികളുടെ റാലിയും പൊതുയോഗവും ചേരുവാൻ ശ്രമിക്കേണ്ടതാണ്.***

## സൺഡേസ്കൂൾ പുസ്തകങ്ങൾ ലഭിക്കുന്ന ഓഫീസുകളും സ്ഥാപനങ്ങളും

1. **സീഫി- സപ്ലൈ സെന്റർ, ഇവാഞ്ചൽ പ്രസ്സ് ബിൽഡിംഗ്, രാമൻചിറ, തിരുവല്ല.**
2. സി.എസ്.എസ്.എം. ബുക്ക് ഹൗസ്, തിരുവല്ല
3. സി.എസ്.ഐ. സൺഡേസ്കൂൾ ഓഫീസ്, കത്തീഡ്രൽ റോഡ്, കോട്ടയം-1
4. സി.എസ്.ഐ. സൺഡേസ്കൂൾ ഓഫീസ്, മേലുകാവ്
5. സി.എസ്.ഐ. കൊച്ചിൻ ഡയോസിസൻ ഓഫീസ്, ഷൊർണ്ണൂർ-1
6. ഇവാഞ്ചലിക്കൽ സഭാ ഓഫീസ്, തിരുവല്ല-5
7. സി.എസ്.ഐ. ഡയോസിസൻ ബുക്ക് ഡിപ്പോ, കോട്ടയം-1
8. സി.എസ്.ഐ. മലബാർ ഡയോസിസൻ ബുക്ക് ഡിപ്പോ, കോഴിക്കോട്

## കേരളാ സീഫി ഭാരവാഹികൾ

| | |
|---|---|
| പ്രസിഡന്റ് | റവ. ജേക്കബ് തോമസ് |
| സെക്രട്ടറി | റവ. ഈ.ജി. കോരുള |
| ട്രഷറാർ | ശ്രീ ജോർജ്ജ് ജോൺ |
| പബ്ളിക്കേഷൻ സെക്രട്ടറി | ശ്രീ കെ.സി. ചെറിയാൻ |
| പ്രമോഷണൽ സെക്രട്ടറി | ശ്രീ കെ.എം. ജോൺ |
| അസോഷിയേറ്റ് പബ്ലിക്കേഷൻ സെക്രട്ടറിമാർ | ശ്രീ. എം.ഒ. ഫിലിപ്പ്<br>ശ്രീ. നൈനാൻ ജേക്കബ് |